# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4132 — 27/06/2012 ൽ മറുപടിക്ക്

### തിരുവനന്തപുരം മൃഗശാലയിൽ ദേശീയ മൃഗശാല നയം

**ചോദ്യം**
ശ്രീ. വി. ശശി

**ഉത്തരം**
കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജന
കാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ദേശീയ മൃഗശാല നയത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്ന പരിപാടികൾ എന്തെല്ലാം ; | (എ) | തിരുവനന്തപുരം മൃഗശാലയിലെ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം മൃഗങ്ങളുടെ ആവാസസ്ഥലം നിർമ്മിക്കുകയും, പരിഷ്കരിക്കുകയും ചെയ്തു വരുന്നു. കൂടാതെ മറ്റ് മൃഗശാലകളുമായി ബന്ധപ്പെട്ട് കേന്ദ്രമൃഗശാലാ അതോറിറ്റി യുടെ അംഗീകാരത്തോടെ ആവശ്യമായ മൃഗങ്ങളെ കൈമാറ്റ വ്യവസ്ഥയിൽ മൃഗശാലയിൽ എത്തിക്കുന്നു. |
| (ബി) | കേരളത്തിലെ മൃഗശാലകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; | (ബി) | തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങളെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ തുറന്ന പരിബന്ധനങ്ങളിൽ പാർപ്പിച്ചു. തൃശ്ശൂർ മൃഗശാലാ പുത്തൂരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (സി) | തിരുവനന്തപുരം മൃഗശാലയുടെ വികസന ത്തിനായി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ ? | (സി) | തിരുവനന്തപുരം മൃഗശാലയിൽ സന്ദർശ കർക്ക് കുടിവെള്ളസൗകര്യം, ഇരിപ്പിടം, വിശ്രമസങ്കേതം, വാട്ടർ ഫൗണ്ടൻ എന്നിവ സ്ഥാപിച്ചു. മൃഗശാലയിലെ പരിബന്ധന ങ്ങൾ നവീകരിച്ചു. കാട്ടുപോത്തിനായുള്ള ആവാസസ്ഥലത്തിന്റെ പണി പൂർത്തി യാക്കി. മൈസൂർ മൃഗശാലയിൽ നിന്നും ഒരു ജോടി ഇന്ത്യൻ കാട്ടുപോത്തിനെ തിരുവനന്തപുരം മൃഗശാലയിൽ എത്തിച്ചു. |

സെക്ഷൻ ഓഫീസർ